അതിനാൽ ഉറങ്ങുന്ന ആളുകളുടെ ശ്വാസം തടസ്സംകൂടാതെ, അതിനാൽത്തന്നെ ശബ്ദംകൂടാതെ അകത്തോട്ടും പുറത്തോട്ടും പോയ്ക്കൊള്ളും.

പക്ഷേ, ഡോ. പെകനോഫിന്റെ കൂർക്കംവലി–നിരോധ–ഉപകരണം വായിൽവെച്ചാൽ ഛർദിക്കാൻവരുമെന്ന് ചിലർ ആവലാതിപ്പെട്ടിട്ടുണ്ട്. വിഴുങ്ങാൻ കഴിയാത്ത എന്തോ ഒന്ന് വായിൽ ഇരിക്കുന്ന എന്ന അനുഭവമാണ് മററു ചിലർക്കു്. അതിനാൽ അഞ്ഞൂറ് ജർമൻ മാർക്ക് വില നൽകി ഈ ഉപകരണം വാങ്ങിയ പലരും അതു പെട്ടിയിൽ വെച്ചു പൂട്ടി, കൂർക്കംവലിച്ച്, ഉറങ്ങുകയാണത്രെ പതിവ്. പക്ഷേ, ഉപകരണം ഉപയോഗിക്കുന്നവരുടെ കൂർക്കംവലി മററുള്ളവർക്കു പ്രശ്നമാകാറില്ല. അതിനാൽ 'കിടപ്പുമുറിയിൽ സമാധാനവും ശാന്തിയും' കൈവരുത്തുന്ന ഒരനുഗ്രഹമെന്ന് പെകനോഫിന്റെ ഉപകരണം ജർമൻപത്രങ്ങളിൽ വാഴ്ത്തപ്പെട്ടിരിക്കുന്നു.

തന്റെ കാമുകനായ ബേൺഡ് എന്ന യുവാവിന്റെ കൂർക്കംവലി അവസാനിപ്പിക്കാൻ ഒരു കമ്പ്യൂട്ടർ വിദഗ്ധയായ ഗിസേല ഗ്രോസ്മൺ എന്ന ജർമൻ യുവതി പെകനോഫിന്റെ കൂർക്കംവലി–നിരോധ–ഉപകരണം വാങ്ങി. ഇപ്പോൾ ബേൺഡ് കൂർക്കംവലിക്കാറില്ല.

എങ്കിലും ഗിസേലയ്ക്കു് സുഖനിദ്ര ഇനിയും കൈവന്നിട്ടില്ല. ഉപകരണം വായിൽവെച്ച് ഉറങ്ങുമ്പോൾ ബേൺഡ് നിരന്തരം പല്ലു ഞെരിക്കുന്നു. പല്ലു ഞെരിക്കലിനേക്കാൾ ഭേദം കൂർക്കംവലിക്കലല്ലേ എന്നതാണ് ഗിസേലിനെ ഇപ്പോൾ അലട്ടുന്ന പ്രശ്നം.

പ്രിയപ്പെട്ട ഇണയല്ലേ? ഉറക്കത്തിലുമല്ലേ? കൂർക്കംവലിച്ചോട്ടെ, അല്ലേ?

(3 മെയ്, 1987)

# 92. അല്ലെർജി

'വീട്ടുപൊടിച്ചെള്ള്' (ഹൗസ് ഡസ്റ്റ്മൈററ്) എന്ന പേരുള്ള ഒരു ജീവിയുണ്ട്. ഒരു ഞണ്ടിനെപ്പോലിരിക്കുന്ന ഈ ജീവിയെ വെറും കണ്ണുകൊണ്ടു കാണുക സാദ്ധ്യമല്ല. 'ഇലക്ട്രോൺ മൈക്രോസ്കോപ്പ്' എന്ന ശക്തിയേറിയ സൂക്ഷ്മദർശിനിയിൽക്കൂടി ഈ ജീവിയെ കാണാവുന്നതാണ്. നമ്മുടെയെല്ലാം വീടുകളിൽ കോടിക്കണക്കിന് ഇത്തരം ജന്തുക്കൾ പാർത്തുവരുന്നുണ്ട്. ഇരുപതുമുതൽ മുപ്പതുവരെ ഡിഗ്രി സെൽഷ്യസ് ചൂടും എഴുപതുമുതൽ എൺപതുവരെ ശതമാനം ഈർപ്പവുമുള്ള അന്തരീക്ഷത്തിൽ, പ്രത്യേകിച്ച് വേനൽക്കാലത്തിന്റെ അവസാനത്തിൽ, ഈ ജന്തുക്കൾ കണക്കില്ലാതെ പെററുപെരുകുന്നു. മററു കാലങ്ങളിലും, ഇവയുടെ മലം നിലത്തുവിരിച്ച കാർപ്പെററിലും പതുപതുത്ത സോഫയിലും ഒക്കെ ധാരാളമായി കാണാം. വീട് എത്രയെങ്കിലും വൃത്തിയായി സൂക്ഷിച്ചാലും മുടങ്ങാതെ 'വാക്വം ക്ളീനർ' ഉപയോഗിച്ചു പൊടികളഞ്ഞാലും പത്തു ശതമാനത്തിലേറെ വീട്ടുപൊടിച്ചെള്ളുകളെ നശിപ്പിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല; തൊണ്ണൂറുശതമാനം ചെള്ളുകളും നിങ്ങളുടെ വീടുകളിൽ, കിടപ്പുമുറികളിലും ഇരുപ്പുമുറികളിലും, സുഖമായി, ഒരു അലോസരവുംകൂടാതെ ജീവിതം തുടരും. 'എന്റെ വീട്' എന്നു നിങ്ങൾ പറയുമ്പോൾ വീട്ടുപൊടിച്ചെള്ളുകൾ ചിരിക്കുന്നുണ്ടാവണം; കാരണം, യഥാർത്ഥത്തിൽ നിങ്ങളുടെ വീട് അടക്കിവാഴുന്നതു് ഈ ജന്തുക്കളാണ്.

'ഹേ ഫീവർ' (വൈക്കോൽപ്പനി)എന്ന് അറിയപ്പെടുന്ന ജലദോഷ

പ്പനിയുടെ മുഖ്യകാരണം വീട്ടുപൊടിച്ചെള്ളുകളും അവയുടെ മലവുമാണെന്ന് അറിവായിട്ടുണ്ട്. പല സസ്യങ്ങളുടെയും പൂമ്പൊടികളും ഈ പനി ഉളവാക്കാം; പക്ഷേ, അതു ചില പ്രത്യേകകാലങ്ങളിൽ മാത്രമാണ്. വീട്ടുപൊടിച്ചെള്ളുകൾ ഉണ്ടാക്കുന്ന ജലദോഷപ്പനിയാകട്ടെ സാർവകാലികം ആകുന്നു. ജലദോഷത്തിനും പനിക്കും പുറമെ ആസ്ത്മ, എക്സീമ മുതലായ മററു് അല്ലെർജിരോഗങ്ങളും വീട്ടുപൊടിച്ചെള്ളുകൾ മൂലം ഉണ്ടാകാറുണ്ട്.

രോഗങ്ങൾ പൊതുവെ കുറവായ ജർമനിയിൽ നാലിൽ ഒരാൾക്ക് ഏതെങ്കിലും അല്ലെർജിരോഗങ്ങൾ ഉണ്ടത്രെ. മിക്ക ആളുകൾക്കും എന്തെങ്കിലും രോഗമുള്ള ഇന്ത്യയിൽ അല്ലെർജിരോഗങ്ങൾ ഏറെക്കുറെ എല്ലാവർക്കും ഉണ്ടായിരിക്കണം.

'അല്ലെർജി' എന്നാൽ, എന്തെന്നു് അറിയാത്തവർ ഇപ്പോൾ ചുരുക്കമായിരിക്കും. ചില മനുഷ്യരുടെ ശരീരങ്ങൾക്ക ചില അന്യപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം പൊറുക്കാൻ കഴിയുകയില്ല. ഇത്തരം അന്യപദാർത്ഥങ്ങളെ 'അല്ലെർജെൻ' എന്നു വിളിക്കുന്നു. അല്ലെർജെൻ അടുത്തുണ്ടെങ്കിൽ ശരീരം ശക്തിയായി പ്രതികരിക്കുന്നു; ശരീരത്തിൽ അല്ലെർജെന്നു് എതിരായ, 'ആൻറിബോഡികൾ' എന്ന പ്രതിവസ്തുക്കൾ ഉണ്ടാവുന്നു. പിന്നീടൊരിക്കൽ അതേ അല്ലെർജെൻ ശരീരത്തിൽ തട്ടുമ്പോൾ, ശരീരത്തിൽ മുമ്പേ ഉണ്ടായിട്ടുള്ള ആൻറിബോഡികൾ അതിനോടു പ്രതികരിക്കുകയും, അതിൻെറ ഫലമായി 'ഹിസ്റ്റാമിൻ' എന്ന ഒരു വസ്തു ശരീരത്തിൻെറ കലകളിൽ (സെല്ലുകളിൽ) ഊറിക്കൂടുകയും ചെയ്യുന്നു. നീരു്, പനി, മൂക്കടപ്പ്, മൂക്കിള, ശ്വാസതടസ്സം, വയററിൽ അമ്ലദ്രവങ്ങൾ, രക്തപരിസഞ്ചരണത്തിൽ തകരാറുകൾ മുതലായ പല അസുഖങ്ങൾ ഉണ്ടാകുന്നതിനു് ഹിസ്റ്റാമിൻ ആണ് കാരണം. ഹിസ്റ്റാമിൻ മൂലം ഉണ്ടാകുന്ന ഇത്തരം അസുഖങ്ങളെയാണ് 'അല്ലെർജിരോഗങ്ങൾ' എന്നു പൊതുവേ പറയുന്നതു്. ഈ രോഗങ്ങൾ പ്രധാനമായി ബാധിക്കുന്നതു് ചർമത്തെയും ശ്വാസനവ്യവസ്ഥയെയും ദഹനവ്യവസ്ഥയെയും ആകുന്നു.

ഏതെല്ലാം വസ്തുക്കളാണ് അല്ലെർജി ഉളവാക്കുക? ഏതു വസ്തുവും ഒരാളിലല്ലെങ്കിൽ മറെറാരാളിൽ അല്ലെർജി ഉളവാക്കാവുന്നതേയുള്ളു. പരാഗങ്ങൾ, വെറുംപൊടി, രാസവസ്തുക്കൾ, മരുന്നുകൾ, വീട്ടുപൊടിച്ചെള്ളുകൾ മുതലായവ പരക്കെ അല്ലെർജിക്കു കാരണമാവാറുണ്ട്. 'രാമനു് അമൃതു്, കോമനു വിഷം' എന്നതാണ് അല്ലെർജിയുടെ അടിസ്ഥാന തത്ത്വശാസ്ത്രം. ഓരോ ആൾക്കും ഏതെല്ലാം വസ്തുക്കളാണ് അല്ലെർജി ഉളവാക്കുക എന്നു പ്രത്യേകം പ്രത്യേകം ഗവേഷണംചെയ്തു കണ്ടുപിടിക്കുകതന്നെവേണം. അല്ലെർജിയുടെ കാര്യത്തിൽ പാശ്ചാത്യ വൈദ്യശാസ്ത്രം ഇപ്പോഴും ഏറെക്കുറെ ഇരുട്ടിൽ തപ്പുകയാണ്.

പടിഞ്ഞാറെ ജർമനിയിലെ ബോൺ നഗരത്തിൽ ഈയിടെ നടന്ന 'രണ്ടാം ജർമൻ അല്ലെർജി കോൺഫറൻസി'ൻെറ ചില വിവരങ്ങൾ 1987 മെയ് 24-ാം തീയതിയിലെ 'ജർമൻ ട്രൈബ്യൂൺ' വാരികയിൽ കാണുകയുണ്ടായി. 'പരിഷ്കാരികളുടെ ഒരു രോഗം' എന്നു പറഞ്ഞു് അല്ലെർജിയെ അവഗണിക്കാതായിട്ടുണ്ട് എന്നതു മാത്രമാണ് ഈ രോഗത്തിൻെറ ചികിത്സയിൽ പാശ്ചാത്യ വൈദ്യശാസ്ത്രം നേടിയ പുരോഗതി' എന്നു് ഈ കോൺഫറൻസിൽ മ്യൂണിക്കിലെ പ്രസിദ്ധ ഡോക്ടർ ആയ യോഹന്നസ് റിങ് പറഞ്ഞു. അല്ലെർജിരോഗങ്ങൾക്ക പ്രതിവിധി അല്ലോപ്പതിയിൽ ഇല്ലെന്ന വിശ്വാസത്താൽ ഇപ്പോൾ യൂറോപ്പിലെ പല അല്ലെർജിരോഗികളും മററു ചികിത്സാസമ്പ്രദായങ്ങൾ തേടിപ്പോവുന്നുണ്ടെന്നു് ഈ കോൺഫറൻസിൽ വ്യക്തമാക്കപ്പെട്ടു. 'അക്യുപങ്ക്

ചർ' എന്ന ചൈനീസ് സൂചിവേധ ചികിത്സ ഹേഫീവറിന് (ജലദോഷപ്പനിക്ക്) അറുപത്തു ശതമാനം ഫലപ്രദമാണെന്ന് ഹൈഡൽബർഗ് യൂണിവേഴ്സിറ്റി മെഡിക്കൽ കോളേജിലെ ഡോക്ടർ മാർട്ടിൻ ഫിഷർ പ്രസ്താവിച്ചു. ഈ രോഗം പടർന്നുപിടിക്കുന്ന മെയ്–ജൂൺ മാസങ്ങൾക്ക് എട്ടാഴ്ചമുമ്പു ചികിത്സ തുടങ്ങണം. സൂചികൾകൊണ്ടു രോഗിയുടെ ശരീരത്തിന്റെ നിശ്ചിതസ്ഥാനങ്ങളിൽ തുളയ്ക്കലാണു ചികിത്സ. പന്ത്രണ്ടു ദിവസങ്ങളിലായി ഈ ചികിത്സ നടത്തിയവരിൽ പകുതി പേർക്കു പിന്നീടു രണ്ടോ, മൂന്നോ വർഷങ്ങളോളം ഹേഫീവർ ഉണ്ടായിട്ടില്ല; അറുപത്തു ശതമാനം പേർക്ക് ആ സീസണിൽ ഈ രോഗത്തെ ഭയപ്പെടേണ്ട. അകത്തേക്കു മരുന്നു കഴിക്കേണ്ട എന്നതാണ് അക്യുപങ്ക്ചർ ചികിത്സയുടെ മറ്റൊരു മെച്ചം. സൂചികൊണ്ടു തുളയ്ക്കപ്പെടുന്ന ഞരമ്പുകൾ നൽകുന്ന സന്ദേശം തലച്ചോറിനേയും ശരീരത്തിലെ വ്യത്യസ്ത ഗ്രന്ഥികളെയും ഉത്തേജിപ്പിക്കുന്നതിനാൽ, അല്ലെർജിരോഗങ്ങൾ തടയാൻ ആവശ്യമായ രാസവസ്തുക്കൾ ശരീരംതന്നെ മുൻകൂട്ടി ഉല്പാദിപ്പിക്കുന്നതുകൊണ്ടാണു ചികിത്സാവിധേയർക്കു രോഗങ്ങൾ വരാത്തത് എന്നാണു വൈദ്യശാസ്ത്രജ്ഞരുടെ അഭിപ്രായം. അതായത്, സൂചീവേധംമൂലം ശരീരം സ്വയം രോഗപ്രതിരോധസന്നദ്ധമാകുന്നു. അല്ലെർജി രോഗങ്ങൾക്കു പ്രതിരോധമാണ് സൂചീവേധം; ചികിത്സയല്ല. അതായത്, രോഗം വന്നതിനുശേഷം സൂചീവേധം നടത്തിയിട്ടു കാര്യമില്ല.

എല്ലാ വസ്തുക്കളും ചിലർക്കല്ലെങ്കിൽ മറ്റു ചിലർക്ക് അല്ലെർജിക്കു കാരണമാവാം എന്നു പറഞ്ഞുവല്ലോ. കൊയ്ത്തുകാലത്തു പൂക്കുന്ന ചിലതരം ചെടികളുടെ പരാഗമാണ് യൂറോപ്പിൽ ജലദോഷപ്പനിയുടെ ഒരു മുഖ്യകാരണം എന്നു പണ്ടേ കണ്ടറിയപ്പെട്ടിരുന്നു. 'വയ്ക്കോൽപ്പനി' (ഹേഫീവർ) എന്ന് ഈ രോഗത്തിനു പേരുണ്ടായത് ഇക്കാരണത്താലാണ്. വീട്ടിലെ പൊടിയാണു ചിലർക്ക് അല്ലെർജി ഉളവാക്കുന്നത്. പൊടിയല്ല, പൊടിച്ചെള്ളാണു യഥാർത്ഥവില്ലൻ എന്നു കണ്ടുപിടിച്ചത് അടുത്തകാലത്തു മാത്രമാകുന്നു. നായയും പൂച്ചയും അടുത്തു വന്നാൽ ചിലർക്ക് അല്ലെർജി ഉണ്ടാവും. വെയിൽ അല്ലെർജി ഉളവാക്കുമെന്ന് ഈയിടെ മനസ്സിലായിട്ടുണ്ട്. മനുഷ്യശരീരമാണു മറ്റൊരു അല്ലെർജൻ. ചില മാതാപിതാക്കളുടെ സാമീപ്യം കുട്ടികളിലും, ചില മേലുദ്യോഗസ്ഥന്മാരുടെ സാമീപ്യം കീഴുദ്യോഗസ്ഥന്മാരിലും, ചില കാമുകരുടെ സാന്നിദ്ധ്യം പെൺകിടാങ്ങളിലും അല്ലെർജി രോഗങ്ങൾക്കു കാരണമാകാറുണ്ടത്രെ. (ഇതു മറിച്ചുംവരാം.) ആധുനിക–രാസ–ഔഷധങ്ങളിൽ, അല്ലെർജി ഉളവാക്കാത്തവ കുറവാണ്. 'സൈഡ് ഇഫെക്ട്' (ആനുഷംഗികഫലം) എന്ന സൗമ്യമായ പേരാണ് ഔഷധങ്ങൾ ഉളവാക്കുന്ന അല്ലെർജി രോഗങ്ങൾക്ക് അല്ലോപ്പതി ഡോക്ടർമാർ നൽകുന്നത്.

ഓരോരുത്തരിലും അല്ലെർജി ഉളവാക്കുന്ന വസ്തുക്കൾ എന്തെല്ലാമെന്ന് പരീക്ഷിച്ചുനോക്കി, ആ വിവരങ്ങൾ കുറിച്ചു ഓരോ പാസ്ബുക്കുകൾ ജർമനിയിലെ ഓരോ പൗരനും നൽകണമെന്നതാണ് ബോൺ നഗരത്തിലെ അല്ലെർജി കോൺഫറൻസിന്റെ ഒരു ശുപാർശ. പാസ്ബുക്ക് കൈയിലുണ്ടെങ്കിൽ അതു നോക്കി, അല്ലെർജനുകളുടെ സാമീപ്യമോ, ഉപയോഗമോ വർജിക്കാമല്ലോ.

ജർമനിയിൽ അല്ലെർജിരോഗങ്ങളുടെ വ്യാപ്തി കണക്കിലെടുത്ത്, 'അല്ലെർജി രോഗങ്ങൾ സംബന്ധിച്ച് പാർലമെന്റിന്റെ ഒരു ഉപദേശക കൗൺസിൽ' സ്ഥാപിക്കാൻ അവിടെ ആലോചനയുണ്ടത്രെ. അല്ലെർജി ഗവേഷണങ്ങൾക്കായി മൂന്നു കോടി ജർമൻ മാർക്ക് നാണ്യം നീക്കിവെയ്ക്കാൻ പടിഞ്ഞാറെ ജർമനിയിലെ സർക്കാർ ആലോചിക്കുന്നതായും ബോൺ കോൺഫറൻസിൽ വെളിപ്പെടുത്തുകയുണ്ടായി.

സന്ധികളിൽ നീരു്, ചുവപ്പുനിറം, ചൂടു്, പനി മുതലായ ലക്ഷണങ്ങളുള്ള ഒരുതരം അല്ലെർജിരോഗം വർഷങ്ങളോളം എന്നെ വളരെ കഷ്ടപ്പെടുത്തിയിരുന്നു. കോഴിമുട്ട അടക്കം പ്രോട്ടീനുകൾ വർജിക്കാനാണു് എനിക്കു് ആദ്യം ലഭിച്ച വൈദ്യോപദേശം. പിന്നീടു് അല്ലോപ്പതിയിലും ആയുർവേദത്തിലുമുള്ള പലതരം മരുന്നുകൾ ഞാൻ ഉപയോഗിച്ചുനോക്കി. ഇതുകൊണ്ടൊന്നും രോഗമോചനം കൈവന്നില്ല.

ഒടുവിൽ തലയിലും ശരീരത്തിലും എണ്ണതേച്ചു കുളിക്കുന്നതു നിർത്തി. ഇതു് ഏറെക്കുറെ എനിക്കു തനിയേ തോന്നിയ ഒരാശയമായിരുന്നു; വൈദ്യോപദേശമല്ലായിരുന്നു. ഞാൻ തലയിൽ തണുത്ത വെള്ളം ഒഴിച്ചു കുളിക്കാതായി; പകരം ചൂടുവെള്ളം ഒഴിച്ചുതുടങ്ങി.

ഈ പ്രയോഗംകൊണ്ടോ, എന്തോ അല്ലെർജിരോഗം എന്നെ തീരെ വിട്ടുപോയി. ഇപ്പോൾ എത്രയോ വർഷങ്ങളായിട്ടു് എനിക്കു് ഈ രോഗം ഉണ്ടായിട്ടില്ല.

ആസ്ത്‌മ ഒരു അല്ലെർജിരോഗമാണു്. മഹാകവി ശങ്കരക്കുറുപ്പു് ആസ്ത്‌മകൊണ്ടു് എത്രയോ വർഷം കഷ്ടപ്പെട്ടു. ഒരു ചികിത്സകൊണ്ടും ഉണ്ടായില്ല രോഗമോചനം. ഒടുവിൽ കഠിനമായ വസൂരിരോഗം ബാധിച്ചപ്പോഴാണു് ആസ്ത്‌മ അദ്ദേഹത്തെ ഇങ്ങിനിവരാതവണ്ണം വിട്ടുപോയതു്. മഹാകവിയുടെ അവസാനവർഷങ്ങളിൽ ആസ്ത്‌മ അദ്ദേഹത്തെ അലട്ടിയില്ല. വസൂരിരോഗം അദ്ദേഹത്തിന്റെ ആസ്ത്‌മരോഗത്തിനു ചികിത്സയായി!

(12 ജൂലൈ, 1987)

## 93. കെ. എഫ്. ഡി. എന്ന കുരങ്ങുരോഗം

കരുതിയിരിക്കുക! കെ. എഫ്. ഡി. എന്ന പേരിൽ അറിയപ്പെടുന്ന പുതിയ പകർച്ചവ്യാധി ഈ ആണ്ടിൽ കേരളത്തിൽ പ്രത്യക്ഷപ്പെടുവാൻ സാദ്ധ്യതയുണ്ടു്.

'ക്യാസനൂർ ഫോറസ്റ്റ് ഡിസീസ്' എന്ന മുഴപ്പേരിന്റെ സംക്ഷേപമാണു് കെ. എഫ്. ഡി. എന്നതു്. കർണാടക സംസ്ഥാനത്തിൽ ഷിമോഗജില്ലയിൽ സോറാബ് താലൂക്കിലുള്ള 'ക്യാസനൂർ' എന്ന വനഗ്രാമത്തിലാണു് ആദ്യമായി 1956–ാമാണ്ടിൽ ഈ രോഗം കാണപ്പെട്ടതു്. ഗ്രാമത്തിന്റെ പേരു രോഗത്തിനു നൽകപ്പെടാൻ കാരണം അതാണു്. മനുഷ്യർക്കെന്നപോലെ കുരങ്ങുകൾക്കും ഉണ്ടാകും ഈ രോഗം. ക്യാസനൂർകാട്ടിൽ കെ. എഫ്. ഡി. രോഗംബാധിച്ചു ചത്ത ഒരു കുരങ്ങിൽനിന്നാണു് 1956–ൽ ഈ രോഗം മനുഷ്യരിലേക്കു പകർന്നതു് എന്നറിവായിട്ടുണ്ടു്. അതിനാൽ ഈ രോഗത്തെ 'കുരങ്ങുരോഗം' (മങ്കി ഡിസീസ്) എന്നും വിളിക്കുന്നു.

ടൈഫോയ്ഡ്പോലെയുള്ള ഒരു വൈറസ്‌രോഗമാണു് കെ. എഫ്. ഡി. രോഗകാരണങ്ങളായ വൈറസ്സുകളെ (സൂക്ഷ്മരോഗാണുക്കളെ) മനുഷ്യരിലേക്കു പകർത്തുന്നതു് ഒരുതരം ചെള്ളുകൾ (ടിക്ക്) ആകുന്നു. ചെള്ളുകൾ കടിക്കുന്നതുവഴി വൈറസ്സുകൾ മനുഷ്യരുടെ രക്തത്തിൽ കലർന്നുകഴിഞ്ഞാൽ നാലുമുതൽ എട്ടുവരെ ദിവസങ്ങളോളം രോഗലക്ഷണങ്ങളൊന്നും പ്രത്യക്ഷപ്പെട്ടുവെന്നുവരില്ല. രോഗാണുവിന്റെ 'ഇൻക്യുബേഷൻ (പൊരുത്തു്) കാലം' എന്നു് ഈ ദിവസങ്ങൾ അറിയപ്പെടുന്നു.